പഞ്ചായത്ത് ഓഫീസുകളുടെ നിർമ്മാണത്തിന് ധനസഹായം

200 (3038) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പഞ്ചായത്ത് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) പഞ്ചായത്ത് ഓഫീസുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിക്കുമോ;

(ഡി) എല്ലാ പഞ്ചായത്തിലും മിനി സിവിൽ സ്റ്റേഷൻ പണിത് മറ്റ് വകുപ്പുകൾക്ക് ഓഫീസ് സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആകെ 3 എണ്ണം

കോഴിക്കോട് - 2 എണ്ണം

ക്കാക്കൂർ, തിരുവമ്പാടി ഗ്രാമപഞ്ചായത്തുകൾ

മലപ്പുറം - 1 എണ്ണം

മേലാറ്റൂർ ഗ്രാമപഞ്ചായത്ത്

(സി) 2014-15 വർഷത്തിൽ രാജീവ്ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണത്തിനായി പതിനഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ ജീവനക്കാരന്റെ തിരോധാനം

201 (3039) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അവനവൻചേരി കൊച്ചു മഠത്തിൽ ജി. ആനന്ദവല്ലിയുടെ മകനും മീനച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന ജി. രത്നന്റെ 6-6-1996-ലെ തിരോധാനവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ;എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പിന് പോലീസ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സർവ്വീസിലിരിക്കെ കാണാതായ രത്നനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് നടപടിയെന്നും ഏത് മാനദണ്ഡത്തിന്റെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് പിരിച്ച് വിട്ടതെന്നും വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) രത്നന്റെ കുടുംബത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ആനുകൂല്യത്തിന് അർഹതയില്ലെന്ന് പിരിച്ചുവിട്ട ഉത്തരവിൽ പറഞ്ഞിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് രത്നന്റെ മാതാവ് 14-1-2016-ൽ പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ എന്ത നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. ജി. രത്നന്റെ അനധികൃത ഹാജരില്ലായ്മയെത്തുടർന്ന് 1960-ലെ കെ.സി.എസ്. (സി.സി.എ.) ചട്ടപ്രകാരം അച്ചടക്കനടപടി സ്വീകരിക്കുകയും ടി ചട്ടപ്രകാരം വകുപ്പുതല അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്ന (അനുബന്ധം 1)*.

(ബി) പോലീസ് വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ശ്രീ. ജി. രത്നനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ശ്രീ. ജി. രത്നൻ 7-6-1996 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാത്തതിനെത്തുടർന്ന് ടിയാനെതിരെ 1960-ലെ കെ.സി.എസ്.(സി.സി.എ.) ചട്ടപ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണ് സർവ്വീസിൽനിന്നും പിരിച്ചുവിട്ടത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. (അനുബന്ധം 2)*

(ഡി) സർവ്വീസിൽനിന്നും നീക്കം ചെയ്യപ്പെട്ട വ്യക്തിക്ക് നിലവിലുള്ള ചട്ടമനുസരിച്ച് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയില്ല.

(ഇ) ആനുകൂല്യത്തിന് അർഹതയില്ലെന്ന് പിരിച്ചുവിട്ട ഉത്തരവിൽ പറഞ്ഞിട്ടില്ല. സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന് കെ.എസ്.ആർ.ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ശ്രീ. ജി. രത്തനെ പിരിച്ചുവിട്ട നടപടി റദ്ദാക്കി ആയത് man missing case ആയി പരിഗണിച്ച് 1997 മുതലുള്ള ഫാമിലി പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് മുതലായ സർവ്വീസ്/പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്ന് ശ്രീമതി ജി. ആനന്ദവല്ലി 14-1-2016-ൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. ജി. രത്തനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തതിനാൽ ഫാമിലി പെൻഷൻ, ഗ്രാറ്റുവിറ്റി മുതലായ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ല. ശ്രീ. രത്തന്റെ പി.എഫ്. അക്കൗണ്ട് ക്ലോസ് ചെയ്ത് തുക അനുവദിച്ചിട്ടുണ്ടോയെന്നറിയാൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പഞ്ചായത്ത് ഡയറക്ടറുടെ ഫയൽ നമ്പർ ഡി5-2383/2016).

പദ്ധതിപ്പണം കൈമാറുന്നതിനുള്ള മാനദണ്ഡം

202 (3040) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ പദ്ധതിപ്പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുന്നോട്ട് വച്ച മാനദണ്ഡം എന്തായിരുന്നു;

(ബി) ഇതിന് അനുസൃതമായിട്ടാണോ ഫണ്ട് കൈമാറ്റം നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ള ബേസിക് ഗ്രാന്റ് 4-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തുവരുന്നത്. എന്നാൽ, പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള താഴെപ്പറയുന്ന രണ്ട് വ്യവസ്ഥകളോടുകൂടി ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നു:

1. പണം വിതരണം ചെയ്യുന്ന വർഷത്തിനു മുൻപുള്ള രണ്ട് വർഷത്തിനകമുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കിയിരിക്കണം.

2. തനത് വരുമാനം മുൻവർഷത്തെക്കാൾ കൂടുതലായിരിക്കണം. മുനിസിപ്പാലിറ്റികൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ സർവ്വീസ് ലെവലിന്റെ ബഞ്ച് മാർക്ക് നിശ്ചയിച്ച് പ്രസിദ്ധീകരിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ബി) ഇതിന് അനുസൃതമായിട്ടാണ് ബേസിക് ഗ്രാന്റ് കൈമാറ്റം നടത്തിയിട്ടുള്ളത്. എന്നാൽ പെർഫോമൻസ് ഗ്രാന്റ് കൈമാറ്റം ചെയ്യേണ്ടത് 2016-17 സാമ്പത്തിക വർഷം മുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly